# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ -പ്രിയങ്ക.ജി , ഐ എ എസ് )

വിഷയം - വനിത ശിശു വികസന വകുപ്പ് - ജീവനക്കാര്യം-വകുപ്പിലെ ക്ലർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം -1 സ.ഉ(പി)നം. 1/2014/ഉ.ഭ.പ.വ തീയതി 03/01/2014
2. സ.ഉ(പി)നം. 21/2014/ഉ.ഭ.പ.വ തീയതി 19/07/2014
3. . സ.ഉ(പി)നം. 16/2019/ഉ.ഭ.പ.വ തീയതി 28/05/2015
4. സ.ഉ(പി)നം. 6/2019/ഉ.ഭ.പ.വ തീയതി 24/08/2019
5. G.O(P) NO 4/2020/P&ARD Dt 22/01/2020
6. സ.ഉ(അച്ചടി) നം 6/2022/ഉ.ഭ.പ.വ തീയതി 21/07/2022
7. വനിത ശിശു വികസന ഡയറക്ടറുടെ 05/10/2021 ലെ WCD/E8/5168/2021 നമ്പർ ഉത്തരവ്

**ഉത്തരവ് നം. DWCD/2795/2022-E4 തീയതി 15/09/2022**

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലർക്ക്, എൽഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലേയ്ക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം (1)(2)(3)(4)(5)(6) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് തസ്തിക മാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. വകുപ്പിൽ ക്ലർക്കുമാരുടെ കേഡർ സ്ട്രെങ്ത് പത്തിൽ താഴെയുള്ള 4 ജില്ലകൾ (പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, വയനാട്, ) ഉള്ളതിനാൽ ജില്ലാ തല നിയമനം സാദ്ധ്യമല്ലാത്തതിനാൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീനക്കാരുടെ ബൈ ട്രാൻസ്ഫർ നിയമനത്തിനായി സംസ്ഥാന തലത്തിൽ വകുപ്പിൽ നിലവിലുള്ള ക്ലർക്ക് തസ്തികയുടെ 10% ഈ വിഭാഗത്തിനായി മാറ്റി വയ്ക്കേണ്ടതുണ്ട്.

എൽ.ഡി ക്ലർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ആദ്യത്തെ ഒഴിവ് തസ്തിക മാറ്റ നിയമനത്തിനായി നീക്കി വയ്ക്കേണ്ടതും തുടർന്നുള്ള 9 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ് എന്നും ഈ പ്രക്രിയ ഓരോ വകുപ്പിലേയും എൽ.ഡി ക്ലർക്ക് cadre strength-ന്റെ 10%-ൽ എത്തിച്ചേരുന്നത് വരെ തുടരേണ്ടതുമാണ് എന്ന് മേൽ പരാമർശ ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്. സാമൂഹ്യനീതി/വനിതശിശുവികസനവകുപ്പ് വിഭജനത്തെതുടർന്ന് ഇരു വകുപ്പുകളിലേയും കേഡർ സ്ട്രെങ്ത് നിശ്ചയിക്കുകയും ജീവനക്കാരെ ഇരു വകുപ്പുകളിലുമായി പുനർ

വിന്യസിക്കുകയും ചെയ്യതിന്റെ ഭാഗമായി നിലവിൽ വന്ന ഒഴിവുകളും വകുപ്പ് വിഭജനത്തിന് ശേഷം വനിത ശിശു വികസന വകുപ്പിൽ നിലവിൽ വന്ന ഒഴിവുകളും ഉൾപ്പെടെ ക്ലർക്ക് തസ്തികയിൽ ആകെ 80 ഒഴിവുകൾ 31/08/2022 വരെ വകുപ്പിൽ ഉണ്ടായിട്ടുണ്ട്. . ടി ഒഴിവുകൾക്ക് ആനുപാതികമായി 8 തസ്തികകൾ തസ്തിക മാറ്റം വഴി ക്ലർക്ക് നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതുണ്ട്.

വകുപ്പിൽ ക്ലർക്ക് തസ്തികയുടെ കേഡർ സ്ട്രെങ്ത് 203 ആയി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ 20 തസ്തികകൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈ ട്രാൻസ്ഫർ നിയമത്തിനായി ഒഴിവുകളുടെ അടിസ്ഥാനത്തിൽ നീക്കി വയ്ക്കേണ്ടതുണ്ട്. നിലവിൽ ഈ വിഭാഗത്തിൽ 10 ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള 8 ഒഴിവുകൾക്ക് പുറമേ ഭാവിയിലുണ്ടാകുന്ന ഒഴിവുകൾക്ക് ആനുപാതികമായി 2 ഒഴിവുകൾ കൂടി നീക്കി വയ്ക്കേണ്ടതുണ്ട്.

പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച ,വകുപ്പിലെ ക്ലാസ് IV വിഭാഗം ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് (ക്രമനം 1 മുതൽ 197 വരെ) പരിശോധിച്ചതിൽ നിന്നും , അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയ ജീവനക്കാരുടെ സീനിയോറിറ്റി പുനഃ നിശ്ചയിക്കാതെയാണ് ടി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി ജീവനക്കാരുടെ സീനിയോറിറ്റി പുനർ നിശ്ചയിച്ചു കൊണ്ട് പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന് ഭേദഗതി വരുത്തേണ്ടതുണ്ട്. സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ജീവനക്കാർക്ക് യതാസമയം ഉദ്യോഗ കയറ്റം നൽകുന്നതിന് തടസ്സം സൃഷ്ടിക്കുന്നതിനാൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നം 1 മുതൽ 9 വരെയുള്ള ജീവനക്കാരുടെ സേവനവിവരങ്ങൾ സർവ്വീസ് പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും ക്രമ നം 1,2,3,4 എന്നീ ജീവനക്കാർ അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയിട്ടില്ലാത്തതിനാൽ ടി ജീവനക്കാരുടെ സീനിയോറിറ്റി ക്രമ പ്രകാരമമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി ജീവനക്കാർ ബൈ ട്രാൻസ്ഫർ നിയമനത്തിന് അർഹരാണ്. ക്രമ നം 5 മുതൽ ഉൾപ്പെട്ട ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ സീനിയോറിറ്റി ലിസ്റ്റുമായി പൊരുത്തപ്പെടാത്ത സാഹചര്യത്തിൽ ഇവരുടെ സീനിയോറിറ്റി പുന ക്രമീകരിച്ച ശേഷം മാത്രം ബാക്കി 4 ഒഴിവുകളിൽ (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് ) നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്..

ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ജീവനക്കാർക്ക് അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ കെഎസ് &എസ്എസ് ആർ ചട്ടം 28 (a)(i) ന് വിധേയമായി ക്ളർക്ക് തസ്തികയിൽ തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക., പെൻ നം. | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനം | തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | എം. പ്രകാശൻ<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.സി.ഡി.എസ് കണ്ണൂർ അർബൻ | 1 | ഐ.സി.ഡി.എസ്<br>സുൽത്താൻബത്തേരി<br>അഡീഷണൽ |
| 2 | സന്തോഷ് കുമാർ .വി<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.സി.ഡി.എസ്<br>അഞ്ചാലുംമൂട് | 2 | ഐ.സി.ഡി.എസ് ഓച്ചിറ |

| | | | |
|---|---|---|---|
| 3 | വിജയൻ.റ്റി.വി<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.സി.ഡി.എസ്<br>പെരിന്തൽമണ്ണ | 3 | ഐ.സി.ഡി.എസ് താനൂർ |
| 4 | ഷീല.കെ<br>ഓഫീസ് അറ്റൻഡന്റ്<br>ഐ.സി.ഡി.എസ്<br>വെട്ടിക്കവല | 4 | ജില്ലാ വനിത ശിശു വികസന ഓഫീസ്, തിരുവനന്തപുരം |

പരാമർശം(6) ഉത്തരവ് പ്രകാരം കേഡർ സ്ട്രെങ്ത് സംസ്ഥാന തലത്തിൽ കണക്കാക്കുന്ന സന്ദർഭത്തിൽ ടി തസ്തികകളിൽ തസ്തിക മാറ്റ നിയമനം ലഭിക്കുന്നവരുടെ കാര്യത്തിൽ തസ്തിക മാറ്റ നിയമനത്തിനായി ഒരു ജില്ല ഓപ്റ്റ് ചെയ്യാവുന്നതും ഇത്തരത്തിൽ ഓപ്റ്റ് ചെയ്ത ജില്ല ടി ജീവനക്കാരന്റെ മാതൃ ജില്ലയായി കണക്കാക്കേണ്ടതുമാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. സംസ്ഥാനതല സംയുക്ത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുള്ള ജില്ലയിൽ തസ്തിക മാറ്റ നിയമനം ലഭിച്ച ജീവനക്കാർക്ക് ,ടിയാളുകളുടെ മാതൃ ജില്ലയിൽ അപേക്ഷ പ്രകാരം സർവ്വീസ് സീനിയോറിറ്റി പാലിച്ച് സ്ഥലം മാറ്റം അനുവദിക്കുന്നതാണ്. ഇത്തരത്തിൽ മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ തസ്തിക മാറ്റ നിയമനം ലഭിച്ച തീയതിയെ അടിസ്ഥാനമാക്കിയാണ് സർവ്വീസ് സീനിയോറിറ്റി നിർണ്ണയിക്കുന്നത്.

ബൈ ട്രാൻസ്ഫർ നിയമനം മുഖേനെ ക്ലർക്ക് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിനു മാത്രം അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിട്ടുതൽ ചെയ്യേണ്ടതും വിട്ടുതൽ/പ്രവേശനം കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
3. E1 മുതൽ E9 വരെ
4. സ്റ്റോക്ക്ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Suwali

സൂപ്രണ്ട്